LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താവിൽനിന്ന് പിരിച്ചെടുത്ത അമിത തുക

193(699) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ മണക്കാട് കുര്യാത്തി സെക്ഷൻ കൺസ്യൂമർ നം. MDD21157/D ഉപഭോക്താവ്, ഗാർഹിക കുടിവെള്ള കണക്ഷനിൽനിന്ന് ഒരു കാരണവശാലും ഗാർഹികേതര ആവശ്യങ്ങൾക്ക് കുടിവെള്ളം ഉപയോഗിച്ചിട്ടില്ലെന്നും ജല ഉപയോഗം തെളിവാക്കി തങ്ങളിൽനിന്ന് പിരിച്ചെടുത്ത അമിത തുക തിരിച്ചുനൽകണമെന്നും കാണിച്ച് അപേക്ഷ നൽകിയിരുന്നോ?

നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ഗാർഹികേതര ഉപയോഗം ഏത് തീയതിയിലാണ് സ്ഥലത്തെ വാട്ടർ മീറ്റർ റീഡറുടെ ശ്രദ്ധയിൽപ്പെട്ടത്?

16-3-2020 - ലാണ് ഗാർഹികേതര ഉപയോഗം സ്ഥലത്തെ വാട്ടർ മീറ്റർ റീഡറുടെ ശ്രദ്ധയിൽപ്പെട്ടത് .

(സി) എങ്കിൽ പ്രസ്തുത ഉപഭോക്താവിൽനിന്ന് മേൽപ്പറഞ്ഞ അധിക തുക ഈടാക്കാൻ തീരുമാനിച്ചത് എന്ന് മുതൽക്കാണെന്നും എന്ന് മുതൽ കണക്കാക്കി അധിക തുക പിരിച്ചെടുത്തുവെന്നും എത്ര തുകയാണ് സാധാരണയിൽനിന്നും അധികമായി കുടുംബത്തിന്റെ ഉപയോഗത്തിൽ കാണിച്ച് ജല അതോറിറ്റി പിരിച്ചെടുത്തത് എന്നും വ്യക്തമാക്കാമോ?

16-03-2020 മുതൽ 20-05-2020 വരെ ഗാർഹികേതര വിഭാഗത്തിലാണ് ബില്ല് ചെയ്തിട്ടുള്ളത്. 20-05-2020-ൽ ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരം വീണ്ടും സ്ഥലം സന്ദർശിച്ച് ഗാർഹികേതര വിഭാഗത്തിൽ നിലവിൽ വെള്ളം ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തി തിരിച്ച് ഗാർഹിക വിഭാഗത്തിലേയ്ക്ക് മാറ്റിനൽകിയിട്ടുണ്ട്. ഈ കാലയളവിൽ ഗാർഹികേതര വിഭാഗത്തിൽ ആയതിനാൽ 1204 രൂപ അധികമായി ഒടുക്കേണ്ടിവന്നിട്ടുണ്ട്.

(ഡി) ഉപഭോക്താവിൽനിന്ന് അധികമായി ഗാർഹികേതര ഇനത്തിൽ പിരിച്ചെടുത്ത തുകയ്ക്കാനുപാതികമായി എത്ര യൂണിറ്റ് കുടിവെള്ളമാണ് കൂടുതലായി ഉപയോഗിക്കപ്പെട്ടത് എന്നാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ജനുവരി 2020 മുതൽ മേയ് മാസം 2020 വരെയുള്ള കാലയളവിൽ മുൻ മാസത്തേക്കാൾ 2KL കുടിവെള്ളം പ്രതിമാസം കൂടുതലായി ഉപയോഗിച്ചുവെന്നാണ് കണ്ടെത്തിയത്.

(ഇ) പ്രസ്തുത ഉപഭോക്താവ്, മീറ്റർ റീഡർ ചൂണ്ടിക്കാട്ടിയതിന് വിരുദ്ധമായി, ഗാർഹികേതര കാര്യങ്ങൾക്ക് കൂടിവെള്ളം ഉപയോഗപ്പെടുത്തിയിരുന്നില്ല എന്നത് വ്യക്തമായി പരിശോധിച്ച് ഉപഭോക്താവിൽനിന്നും അധികം ഈടാക്കിയ തുക ഉപഭോക്താവിന്റെ ഭാവിയിലെ ഉപയോഗത്തിനുള്ള അഡ്വാൻസായി കണക്കാക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകുമോ?

വിശദമായ പരിശോധന നടത്തിയതിൽനിന്നും മീറ്റർ റീഡർ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു എന്നത് റിപ്പോർട്ട് ചെയ്തത് ശരിയാണെന്ന് ബോധ്യപ്പെട്ടതിനാൽ വാട്ടർ സപ്ലൈ റെഗുലേഷൻ 1991, 16(a), 16(b) പ്രകാരമാണ് ഗാർഹികേതര വിഭാഗത്തിൽ ബില്ല് ചെയ്തിട്ടുള്ളത്. 20-05-2020-ലെ അഭ്യർത്ഥന പ്രകാരം വീണ്ടും സ്ഥലം സന്ദർശിച്ച് ഗാർഹിക വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി വീണ്ടും തിരിച്ച് ഗാർഹിക വിഭാഗത്തിൽ മാറ്റിനൽകിയിട്ടുണ്ട്. ഉപഭോക്താവിന് മറ്റ് ഇളവുകളൊന്നും നിലവിലുള്ള നിയമപ്രകാരം അനുവദനീയമല്ല.

സംസ്ഥാനത്തെ മത്സ്യലഭ്യത

194(700) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20 വർഷങ്ങളിൽ സംസ്ഥാനത്തെ ആകെ മത്സ്യ ലഭ്യത എത്ര ടൺ ആയിരുന്നുവെന്ന് അറിയിക്കുമോ?

2018-19, 2019-20 വർഷങ്ങളിൽ സംസ്ഥാനത്തെ ആകെ മത്സ്യലഭ്യത യഥാക്രമം 8.01758 ലക്ഷം മെട്രിക് ടൺ, 6.80798 ലക്ഷം മെട്രിക് ടൺ എന്നിങ്ങനെയാണ്.

(ബി) മത്സ്യലഭ്യത കുറയുന്ന പക്ഷം, ആയത് വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ മത്സ്യ കൃഷി ഉൾപ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യലഭ്യത കുറയുന്ന പക്ഷം ആയത് വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം 61.15 കോടി രൂപ വകയിരുത്തി മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, വീട്ടുവളപ്പിൽ പടുത കുളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly